# പുതുവർഷത്തിന് വജ്രത്തിളക്കം

പുതുതലമുറ ചെറുപ്പക്കാർക്ക് സ്വർണാഭരണങ്ങൾ ഫാഷനല്ലെങ്കിൽ കൂടി കാതിലൊരു സോളിറ്റയർ പതിച്ച സ്റ്റഡ് പുതിയ ട്രെൻഡാണ്. വെറുമൊരു വാലന്റൈൻ സമ്മാനമെന്നതിലുമുപരി വിവാഹനിശ്ചയങ്ങളിലും വിവാഹ വാർഷികത്തിലും ഇഷ്ടപ്പെട്ട സമ്മാനമായി സോളിറ്റയർ പിടിപ്പിച്ച പ്ലാറ്റിനം മോതിരങ്ങൾക്ക് പ്രിയമേറുന്നു. ഇടത്തരം കുടുംബങ്ങളിൽക്കൂടി സ്വർണാഭരണങ്ങളെക്കാൾ വിവാഹങ്ങളിൽ വജ്രാഭരണങ്ങൾക്ക് ഇഷ്ടം കൂടി വരുന്നു. ഒരു അത്യാകർഷകമായ നിക്ഷേപമല്ലെങ്കിൽ കൂടി വജ്രങ്ങളിൽ മുടക്കുന്ന പണം നഷ്ടപ്പെടാനുള്ള സാധ്യത തീരെ കുറവാണ്.

വാങ്ങുന്നത് യഥാർത്ഥത്തിൽ വജ്രമാണെന്നും ന്യായമായ വിലയാണു നൽകുന്നതെന്നും ഉറപ്പാക്കുകയാണ് വജ്രങ്ങൾ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ.

## തിളക്കത്തിനാണു വില

ഉള്ളിലേക്ക് പ്രവേശിക്കുന്ന പ്രകാശം പൂർണമായും പ്രതിഫലിപ്പിക്കുന്ന തിളക്കത്തിനാണ് വജ്രം വാങ്ങുമ്പോൾ വില നൽകുന്നത്. ഖനനം ചെയ്തെടുക്കുമ്പോൾ അത്രയൊന്നും തിളക്കമില്ലാത്ത വജ്രങ്ങൾ ശാസ്ത്രീയമായി കട്ട് ചെയ്ത് മിനുക്കുമ്പോഴാണ് തിളക്കമുണ്ടാകുന്നത്. ഇക്കാരണത്താൽ പ്രകാശം ചോർന്നു പോകാത്ത രീതിയിൽ കട്ട് ചെയ്തെടുത്ത കല്ലുകൾക്ക് വില കൂടും. പ്രകാശം ചിതറിപ്പോകുന്നതിനും ആഗിരണം ചെയ്യുന്നതിനും കാരണമാകുന്ന മലിന വസ്തുക്കളും കേടുപാടുകളും കല്ലിനുള്ളിലുണ്ടെങ്കിലും വില കുറയും. പലപ്പോഴും നഗ്നനേത്രങ്ങൾക്കു തിരിച്ചറിയാനാകാത്ത വിധം സൂക്ഷ്മമായ കാരണങ്ങളാണ് വജ്രത്തിന്റെ മേന്മ നിർണയിക്കുന്നത്.

ഇതുമൂലം സാധാരണക്കാർക്ക് നല്ലതും ചീത്തയും തിരിച്ചറിയാൻ പ്രയാസമാണ്.

## സ്മാർട് മണി

**സി.എസ് രഞ്ജിത്ത്**

## വലുപ്പവും പ്രധാനം

വജ്രത്തിന്റെ വലുപ്പം നിർണയിക്കുന്നത് ഭാരത്തെ അടിസ്ഥാനപ്പെടുത്തിയാണ്. സ്വർണാഭരണങ്ങളിൽ കാരറ്റ് എന്നാൽ പരിശുദ്ധി എന്നാണെങ്കിൽ വജ്രങ്ങളിൽ കാരറ്റ് എന്നാൽ വലുപ്പം എന്നാണർത്ഥം. ഒരു കാരറ്റ് എന്നാൽ ഒരു ഗ്രാമിന്റെ അഞ്ചിൽ ഒന്ന് അഥവാ 200 മില്ലി ഗ്രാം ഭാരം എന്നർത്ഥം. ഒരു കാരറ്റിന്റെ നൂറിൽ ഒന്ന് ഒരു സെന്റ് എന്നും കണക്കാക്കുന്നു. നാലിൽ ഒന്ന് കാരറ്റ് അഥവാ 25 സെന്റിന് മുകളിൽ ഭാരമുള്ള വജ്രങ്ങളിലെല്ലാം പ്രത്യേക നമ്പരുകൾ ലേസർ ഉപയോഗിച്ച് രേഖപ്പെടുത്തിയിട്ടുണ്ടാവും. ഭാരക്കൂടുതലുള്ള വജ്രങ്ങൾക്ക് വിലയും കൂടും. സമാന ഗുണമേന്മയുള്ള ഒരു കാരറ്റ് വജ്രത്തിന്റെ വിലയേക്കാൾ ഇരട്ടിയിലധികം വില കൊടുത്താൽ മാത്രമേ രണ്ടു കാരറ്റ്

വജ്രം ലഭിക്കുന്നുള്ളൂ. വലുപ്പമുള്ളവയേക്കാൾ ചെറിയ ഭാരമുള്ള ഒന്നിലധികം കല്ലുകൾ ചേർത്തുണ്ടാക്കുന്ന വജ്രാഭരണങ്ങൾക്കു വില കുറഞ്ഞിരിക്കാനുള്ള കാരണമിതാണ്. വലുപ്പമുള്ള വജ്രങ്ങൾ ഒറ്റയ്ക്ക് മോതിരങ്ങളിലും മറ്റും സെറ്റു ചെയ്യുമ്പോൾ സോളിറ്റയർ എന്നറിയപ്പെടും.



## ചിട്ടപ്പെടുത്തലും സാക്ഷ്യപത്രവും

കട്ട്, ക്ലാരിറ്റി, കളർ, കാരറ്റ് എന്നിങ്ങനെ വജ്രങ്ങളുടെ ഗുണമേന്മ നിർണയിക്കുന്ന ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ രാജ്യാന്തര ലബോറട്ടറികൾ നൽകുന്ന സർട്ടിഫിക്കറ്റുകളാണ് വജ്രങ്ങളുടെ വില നിശ്ചയിക്കുന്നത്. ജിഐഎ. അഥവാ ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമേരിക്ക, ഐജിഐ. അഥവാ ഇന്റർനാഷനൽ ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്ക് കൂടുതൽ പ്രചാരമുണ്ട്. വജ്രാഭരണങ്ങൾക്കല്ല അവയിൽ ചിട്ടപ്പെടുത്തിയ വജ്രങ്ങൾക്കാണ് സർട്ടിഫിക്കറ്റ്. ആശങ്കകൾക്കും അഭ്യൂഹങ്ങൾക്കും ഇട നൽകാതെ ഗുണമേന്മ ഉറപ്പായി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഉള്ള വജ്രങ്ങൾ തിരഞ്ഞെടുക്കണം. ആഭരണങ്ങൾ വാങ്ങുമ്പോൾ വജ്രങ്ങളുടെ വില പ്രത്യേകമായി രേഖപ്പെടുത്തിയ സാക്ഷ്യപത്രങ്ങൾ ഗുണം ചെയ്യും.

## ശ്രദ്ധിക്കാൻ ഏറെ

സ്റ്റാൻഡേഡുകളും സർട്ടിഫിക്കേഷനും മറ്റും ഉണ്ടെങ്കിലും വജ്രാഭരണങ്ങൾ വാങ്ങുമ്പോൾ പണം നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഗുണമേന്മ ഘടകങ്ങൾ കൂട്ടായി വില നിർണയിക്കുമ്പോൾ ഓരോ ഘടകത്തിലും ഉണ്ടാകുന്ന വ്യത്യാസങ്ങൾ കാരറ്റ് വില നിരക്കിൽ ഗണ്യമായ വ്യതിയാനമുണ്ടാക്കും. നിശ്ചിത ശതമാനം ഡിസ്കൗണ്ട് നൽകും എന്ന് പരസ്യപ്പെടുത്തുമ്പോൾ ആരു നിർണയിച്ച യഥാർഥ വിലയിൽ നിന്നാണ് കിഴിവ് നൽകിയിരിക്കുന്നത് എന്ന് ശ്രദ്ധിക്കണം. ഒരിക്കൽ വാങ്ങിയ വജ്രാഭരണങ്ങൾ എപ്പോൾ വേണമെങ്കിലും മാറ്റിയെടുക്കാം എന്ന് നൽകുന്ന വാഗ്ദാനം പണം നഷ്ടമുണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നില്ല. മറിച്ച് വജ്രങ്ങൾ വാങ്ങിയ വില തന്നെ പണമായി നൽകി തിരിച്ചെടുത്തുകൊള്ളാമെന്ന ഉറപ്പ് പണ നഷ്ടം ഒഴിവാക്കുകയും വാങ്ങുന്ന വജ്രങ്ങളുടെ ഗുണമേന്മയ്ക്ക് ഉത്തരവാദിത്തമുണ്ടെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യും. ഉതകും. ഏത് ഖനിയിൽ നിന്ന് ഖനനം ചെയ്തെടുത്തതാണ്, എവിടെ കട്ട് ചെയ്ത് പോളിഷ് ചെയ്തു,

ഏത് വിപണിയിൽ പ്രാഥമിക ഇടപാട് നടന്നു എന്നുള്ളതൊക്കെ വജ്രങ്ങളുടെ ഗുണമേന്മയെയും വിലയെയും ബാധിക്കുന്നു.

## നിക്ഷേപമാകുന്നതെപ്പോൾ

ജീവിതത്തിൽ അവശ്യം വേണ്ട ആസ്തികളും മറ്റും ആർജിച്ച ശേഷം സാമാന്യം സമ്പത്തുള്ളവർ തങ്ങളുടെ നിക്ഷേപ പോർട്ട്ഫോളിയോയിൽ വജ്രങ്ങൾക്കും സ്ഥാനം നൽകാം. ദീർഘകാലാടിസ്ഥാനത്തിൽ, പ്രത്യേകിച്ചു വരും തലമുറയ്ക്കുവേണ്ടി സൂക്ഷിക്കുന്ന നിക്ഷേപങ്ങൾക്ക് തിളക്കം നൽകാൻ വജ്രങ്ങളും ഉൾപ്പെടുത്താം. മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ള പ്രവാസികളുൾപ്പെടെയുള്ള കുടുംബങ്ങൾക്ക് ആഭരണങ്ങളായിട്ടല്ലാതെ ഉയർന്ന മൂല്യമുള്ള വജ്രങ്ങൾ ബെസ്റ്റ് ബൈ എന്ന നിലയിൽ സ്വന്തമാക്കാം.